## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1310 11.02.2016 -ൽ മറുപടിക്ക്**

**പേരൂച്ചാൽ, പേങ്ങാട്ട്കടവ് പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | റാന്നി നിയോജക മണ്ഡല ത്തിലെ പേരൂച്ചാൽ, പേങ്ങാട്ട് കടവ് പാലങ്ങളുടെ നിർമ്മാണം ഏതു ഘട്ടം വരെയായി; ഈ പാലങ്ങളുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; ഇനി എന്തൊക്കെ പണികളാണ് നടക്കാനുള്ളത് എന്ന് വിശദമാക്കാമോ; | (എ) | പേരൂർച്ചാൽ പാലത്തിന്റെ ഫൗണ്ടേഷന്റെ Pile-ന്റെ പണികൾ പൂർത്തിയായി. 2 പിയറിന്റെ പണികൾ പൂർത്തീകരിച്ചു. മൂന്നാമത്തേതിന്റെ കോൺക്രീറ്റ് ഉടൻ തുടങ്ങുന്നതാണ്. ഓപ്പൺ ഫൗണ്ടേഷന്റെ എക്സ്കവേഷൻ നടന്നു കൊണ്ടിരിക്കുന്നു. സൂപ്പർ സ്ട്രക്ച്ചറിന്റെ ഒരു ബീം Cast-ചെയ്ത് സ്ഥാപിച്ചു. രണ്ടാമത്തെ ബീമിന്റെ പണികൾ നടന്നു വരുന്നു. പേരൂർച്ചാൽ പാലത്തിന് 6.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പേങ്ങാട്ടുകടവ് പാലത്തിന്റെ പണികൾ പൂർത്തീകരിച്ചു. ഈ പാലത്തിന് 3.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | രണ്ട് പാലങ്ങളുടേയും നിർമ്മാണം വൈകാനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | മണിയാർ ഡാം തുറക്കുന്നതിനാൽ വേനൽക്കാലത്തും ജലനിരപ്പ് കുറയാത്തതും, കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളും കാരണം നിർമ്മാണം മന്ദഗതിയിലായിരുന്നു. എന്നാൽ ഇപ്പോൾ പണികൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണ തടസ്സങ്ങൾ പരിഹരിച്ച് പാലംപണി എന്ന് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കുമോ? | (സി) | പേരൂർച്ചാൽ പാലത്തിന്റെ പണികൾ ഉടനെ പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷ. പേങ്ങാട്ടുകടവ് പാലത്തിന്റെ പണികൾ പൂർത്തീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ